(സി) എയിഡ്സ് രോഗബാധ തടയുന്നതിനുള്ള എന്തെല്ലാം പ്രതിരോധ നടപടികളും ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്;

(ഡി) എയിഡ്സ് രോഗം നിർണ്ണയിക്കുന്നതിനുള്ള സൗകര്യം സംസ്ഥാനത്ത് ഏതെല്ലാം ആശുപത്രികളിലുണ്ട്.

(ഇ) സൗകര്യം ഇല്ലെങ്കിൽ അതിനുള്ള സൗകര്യം ഗവൺമെന്റ് ഏർപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ, ബി) ഇല്ല. എന്നാൽ എയിഡ്സ് രോഗമുണ്ടെന്ന് സംശയിച്ച ഒരു ചെറുപ്പക്കാരനെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. വിദഗ്ദ്ധമായ പരിശോധനയിലും നിരീക്ഷണത്തിലും രോഗമില്ലെന്ന് ബോദ്ധ്യപ്പെടുകയും ചെയ്തു.

(സി) ഇതിനുമുമ്പ് പ്രധാനമായും രണ്ടു ഉപാധികളാണ് ഉള്ളത്.

(i) ആരോഗ്യ വിദ്യാഭ്യാസം (ഹെൽത്ത് എഡ്യുക്കേഷൻ) നൽകുക.

(ii) രോഗമുണ്ടാവാനിടയുള്ളവരിലും, രോഗമുണ്ടെന്ന് സംശയിക്കപ്പെടുന്നവരിലും ഹൈറിസ്ക് ഗ്രൂപ്പ് (High risk group) പരിശോധന നടത്തുക.

ഈ പരിശോധനയ്ക്കുവേണ്ടി പ്രസ്തുത വിഷയത്തിൽ പ്രത്യേക പരിശീലനം നേടിയ ഡോക്ടർമാരടക്കമുള്ള ഒരു സമിതിയുടെ മേൽനോട്ടത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഒരു പരിശോധനാകേന്ദ്രം ആരംഭിച്ചിട്ടുണ്ട്.

(ഡി) ഇന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിലുള്ള സംവിധാനങ്ങളുപയോഗിച്ച് രക്തപരിശോധന നടത്താൻ കഴിയും. ഇത് ഒരു പ്രാരംഭ പരിശോധന (സ്ക്രീനിംഗ് ടെസ്റ്റ്) മാത്രമാണ്. ഈ പരിശോധനയിൽ രോഗമുണ്ടെന്ന് സംശയം ഉണ്ടായാൽ അത് ഉറപ്പുവരുത്താൻ രോഗിയുടെ രക്തം അമേരിക്കയ്ക്ക് അയയ്ക്കേണ്ടിവരും. ഇന്ത്യയിൽ ഈ പരിശോധനയ്ക്കുള്ള സംവിധാനങ്ങളില്ല.

(ഇ) നമ്മുടെ സംസ്ഥാനത്തിന് ലഭ്യമാക്കാവുന്ന പരമാവധി സൗകര്യം ഇക്കാര്യത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഏർപ്പെടുത്തിയിട്ടുണ്ട്. തൽക്കാലം മറ്റ് ആശുപത്രികളിൽ ഇതിനുള്ള സൗകര്യം ഏർപ്പെടുത്താൻ നിർവാഹമില്ല.

മത്സ്യത്തൊഴിലാളി കേന്ദ്ര സഹകരണ സംഘങ്ങൾ

* 126 [128] ശ്രീ. കെ. ടി. കുമാരൻ:
,, വി. കെ. രാജൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, പി. കുമാരൻ:

ഡോക്ടർ എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങൾക്കു മുകളിൽ കേന്ദ്ര സംഘങ്ങളായി എത്രയെണ്ണം രൂപീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവയുടെ പ്രവർത്തനങ്ങൾ എന്തെല്ലാം;

(സി) ഈ കേന്ദ്ര സംഘങ്ങൾക്ക് എത്ര സംഖ്യ ഇതിനകം അനുവദിച്ചു;

(ഡി) ഇതിനകം എത്ര സംഖ്യ ചെലവഴിച്ചു?

ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) അഞ്ച് ജില്ലാ കോ-ഓപ്പറേറീവുകളും സംസ്ഥാന തലത്തിൽ ഒരു അപ്പെക്സ് ഫെഡറേഷനും രൂപീകരിച്ചു.

(ബി) (1) അംഗസംഘങ്ങൾക്കിടയിൽ മിതവ്യയം, സ്വതന്ത്രശീലം, സഹകരണബോധം ഇവ പ്രോത്സാഹിപ്പിക്കുക,

(2) അംഗങ്ങളിൽനിന്ന് മൽസ്യം സംഭരിച്ച് പാകപ്പെടുത്തിയോ അല്ലാതെയോ വിൽക്കുക.

(3) മൽസ്യബന്ധനത്തിനുവേണ്ടി ഉപകരണങ്ങൾ സമ്പാദിക്കുകയോ കൈകാര്യം ചെയ്യുകയോ അംഗസംഘങ്ങൾക്ക് വിതരണം ചെയ്യുകയോ ചെയ്യുക.

(4) സംഘത്തിന്റെ ഉദ്ദേശ നിർവഹണത്തിനുള്ള കാര്യങ്ങൾക്ക് സർക്കാരിൽ നിന്നോ മറ്റ് സ്ഥാപനത്തിൽനിന്നോ ധനം സമ്പാദിക്കുക.

(5) നിക്ഷേപമായോ, കടമായോ ധനം സമ്പാദിക്കുകയും സംഘത്തിന്റെ ആവശ്യങ്ങൾക്ക് വിനിയോഗിക്കുകയും ചെയ്യുക എന്നിവയ്ക്കുപുറമെ മൽസ്യബന്ധന ഉപകരണങ്ങളുടെ നിർമ്മാണത്തിനും സമ്പാദനത്തിനും മൽസ്യം സംഭരിക്കുന്നതിനും സൂക്ഷിക്കുന്നതിനും പാകപ്പെടുത്തുന്നതിനും വിപണനം ചെയ്യുന്നതിനും കെട്ടിടവും ഉപകരണങ്ങളും സമ്പാദിക്കുന്നതിനും, ഗ്രാമ സംഘത്തിലെ അംഗങ്ങൾക്ക് ലഘുതവണ വ്യവസ്ഥയിൽ വായ്പ നൽകുന്നതിനും, മൽസ്യബന്ധന ഉപകരണങ്ങളുടെ ചെറുകിടവിപണികൾ ഏറ്റെടുക്കൽ നടത്തുന്നതിനും, പ്രവർത്തന ശേഷി നഷ്ടപ്പെടുകയോ, അംഗഭംഗം സംഭവിക്കുകയോ വാർദ്ധക്യം ബാധിക്കുകയോ ചെയ്യുന്ന അംഗങ്ങൾക്ക് ധനസഹായം ചെയ്യുന്നതിനും അംഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സാമൂഹ്യ പരാധീനതകൾ ഒഴിവാക്കുന്നതിനും വേണ്ട ക്ഷേമപരിപാടികൾ നടപ്പാക്കുന്നതിനും വേണ്ടി അംഗഗ്രാമ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക തുടങ്ങിയ പ്രവർത്തനങ്ങളുടെ നിർവഹണത്തിനുള്ള മറ്റെല്ലാ കാര്യങ്ങളും ചെയ്യുക എന്നിവയാണ് ജില്ലാ കോ-ഓപ്പറേറീവുകളുടെ പ്രവർത്തനങ്ങൾ.

ജില്ലാ കോ-ഓപ്പറേറീവുകളുടെയും പ്രാഥമിക സംഘങ്ങളുടെയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക, ഏകോപിപ്പിക്കുക, പദ്ധതികളുടെ നടത്തിപ്പിന് ധനകാര്യസ്ഥാപനങ്ങളുടെയും ഗവൺമെൻറിന്റെയും അംഗീകാരം നേടുക, ധനം ലഭ്യമാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് സംസ്ഥാന തല അപ്പെക്സ് ഫെഡറേഷൻ നിർവഹിക്കുന്നത്.

(സി) പതിനൊന്ന് കോടി മുപ്പത്തിയേഴ് ലക്ഷത്തിഎൺപത്തയ്യായിരം (11,37,85,000) രൂപ കേന്ദ്ര സംഘടനയായ മൽസ്യഫെഡിന് അനുവദിച്ചിട്ടുണ്ട്.

ഇതിൽ നിന്നും മൽസ്യഫെഡ് ജില്ലാ കോ-ഓപ്പറേറീവുകൾക്കായി 147.35 ലക്ഷം രൂപ നൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അഞ്ചുകോടി ഏഴ്‌ലക്ഷത്തി ഇരുപതിനായിരം (5,07,20,000 രൂപ) മൽസ്യഫെഡ് ചെലവഴിച്ചു. ഇതിൽ 1,44,40,000 രൂപ ജില്ലാ കോ-ഓപ്പറേറീവ് വഴിയാണ് ചെലവഴിച്ചത്.

പഞ്ചായത്ത് വാർഡ് വിഭജനം

*127 [129] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ വാർഡ് വിഭജന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പ്രവർത്തനം എന്നു പൂർത്തിയാകും എന്ന് വ്യക്തമാക്കാമോ?

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം):

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും വാർഡ് വിഭജനം കഴിഞ്ഞു. അതാത് ജില്ലാ പഞ്ചായത്താഫീസർമാർ വാർഡ് വിഭജനം പ്രസിദ്ധപ്പെടുത്തി കഴിഞ്ഞിട്ടുണ്ട്. എന്നാൽ വാർഡ് വിഭജന ഉത്തരവുകളിൻമേൽ ഗവൺമെൻറിന് കിട്ടിയിട്ടുള്ള റിവിഷൻ ഹർജികളും മുഴുവനും തീർപ്പാക്കിയിട്ടില്ല.

(ബി) വാർഡ് വിഭജനം സംബന്ധിച്ച് ശ്രേഷിക്കുന്ന റിവിഷൻ ഹർജികളിൽ എത്രയും വേഗം തീർപ്പ് കൽപ്പിക്കുന്നതാണ്.

ക്രിസ്തുമത വിശ്വാസികൾ ഹിന്ദുമതം സ്വീകരിക്കുമ്പോൾ സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്

*128 [130] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ വിഭാഗങ്ങളിലെ ക്രിസ്തുമത വിശ്വാസികൾ ഹിന്ദുമതം സ്വീകരിച്ച് ഗസറ്റിൽ പരസ്യപ്പെടുത്തിയശേഷവും വില്ലേജ് ഓഫീസുകളിൽനിന്നും തഹസീൽദാരുടെ ഓഫീസിൽനിന്നും ഹിന്ദുമതം ആണെന്ന സർട്ടിഫിക്കറ്റ് കൊടുക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) എങ്കിൽ അത് പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(സി) 7-3-1984-ലെ ജി. ഒ. (എം. എസ്.) നമ്പർ 16/84/ എച്ച്. ഡബ്ളിയു. ഡി. യുടെ വെളിച്ചത്തിൽ സർട്ടിഫിക്കറ് കൊടുക്കാത്ത ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ,ബി) അവശ വിഭാഗങ്ങളിലെ ക്രിസ്തുമത വിശ്വാസികൾ ഹിന്ദുമതം സ്വീകരിച്ച് ഗസറ്റിൽ പരസ്യപ്പെടുത്തികഴിഞ്ഞാൽ അവർ റവന്യൂ ഉദ്യോഗസ്ഥൻമാരിൽനിന്ന് പട്ടികജാതി (ഹിന്ദു) യിൽപ്പെട്ട വരാണെന്ന സർട്ടിഫിക്കറിന് അർഹരാകുന്നു എന്ന ധാരണ ശരിയല്ല. പട്ടികജാതിയിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവരോ അവരുടെ പിൻഗാമികളോ തിരിച്ച് ഹിന്ദുമതം സ്വീകരിച്ചാൽ അവർക്ക് ജാതി സർട്ടിഫിക്കറ് നൽകുന്നത് 7-3-1984-ലെ ജി. ഒ. (എം. എസ്.)നമ്പർ 16/84 എച്ച്. ഡബ്ളിയു. ഡി. ഉത്തരവു പ്രകാരമുള്ള നടപടിക്രമം അനുസരിച്ചാണ്. ഇതുപ്രകാരം മതപരിവർത്തനം നടത്തിയ വ്യക്തിയെ

LIBRARY ARCHIVES Kerala Legislative Assembly